# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4106
# 16.12.2014 ലെ മറുപടിക്ക്

## എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി

| ചോദ്യം.<br>ശ്രീ.പി.കെ.ബഷീർ<br>എം.എൽ.എ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി<br>(ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന പദ്ധതി (എ.ഡി.എസ്.) പ്രകാരമുള്ള പദ്ധതികൾക്ക് പല കാരണങ്ങൾ കൊണ്ടും ഭരണാനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട്(എസ്.ഡി.എഫ്.) വിനിയോഗിക്കുന്ന അതേ മാതൃകയിൽ ആസ്തി വികസന ഫണ്ട്(എ.ഡി.എഫ്.) വിനിയോഗി ക്കുന്നതിനും തദ്വാരാ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ | ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങളെല്ലാം പാലിച്ച് ഭരണവകുപ്പിന്റെ ശുപാർശയോടെ ധനാനുമതിയ്ക്കായി എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും പരമാവധി 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാറുണ്ട്. ധനവകുപ്പ് അനുമതി നൽകിയ പ്രവർത്തികൾ അടുത്ത 10 ദിവസത്തിനുള്ളിൽതന്നെ ഭരണവകുപ്പ് ഭരണാനുമതി നൽകണമെന്ന് 28.12.2012 ലെ 73/12/ധന സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഭരണാനുമതിയ്ക്ക് അമിതമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തി വികസന ഫണ്ട് വിനിയോഗി ക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | എ.ഡി.എസ്. പ്രകാരം 10 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുക 10 ലക്ഷം വരുന്ന പദ്ധതികൾക്ക് ഇത്രയെണ്ണം എന്ന നിബന്ധനയില്ലാതെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | 15.11.2014 ലെ സ.ഉ.(പി) നം 505/2014/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഒരു സാമ്പത്തിക വർഷം അനുവദനീയമായ 15 മരാമത്ത് പണികളിൽ ഏതെങ്കിലും രണ്ടെണ്ണം പത്തു ലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പാക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അടങ്കൽ തുക 10 ലക്ഷം വരുന്ന പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**